**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1232** **07-02-2023 - ൽ മറുപടിയ്ക്ക്**

**പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട പതിനാറുങ്ങൽ പൂക്കിപ്പറമ്പ് ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം എന്നാക്കി മാറ്റുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പതിനാറുങ്ങൽ പൂക്കിപ്പറമ്പ് - ബൈപാസ് എന്ന പ്രവൃത്തിക്ക് 10.07.2017-ൽ 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 11.05.2018 തീയ്യതിയിൽ പൂർത്തീകരിച്ചിരുന്നതുമാണ്.എന്നാൽ സ്ഥലവാസികളുടെ എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് വെന്നിയൂർ മുതൽ പതിനാറുങ്ങൽ വരെ ആക്കി വെന്നിയൂർ - പതിനാറുങ്ങൽ ബൈപാസ് നിർമ്മാണം എന്നാക്കുന്ന തിനായി 26.08.2022 ൽ നടന്ന LAC യോഗത്തിലെ തീരുമാനപ്രകാരം ബഹു.എം.എൽ.എ യുടെയും ജനപ്രതിനിധി കളുടെയും കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുതിയ അലൈൻമെന്റ് പ്രകാരം പ്രവൃത്തിയുടെ പുനർനാമകരണത്തിനു സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അപ്രകാരം പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിച്ച ശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി അതിൻപ്രകാരം DPR തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പുതിയ അലൈൻമെന്റ് പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പതിനാറുങ്ങൽ പൂക്കിപ്പറമ്പ് - ബൈപാസ് എന്ന പ്രവൃത്തിക്ക് 10.07.2017-ൽ 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 11.05.2018 തീയ്യതിയിൽ പൂർത്തീകരിച്ചിരുന്നതുമാണ്.എന്നാൽ |

| | | | |
|---|---|---|---|
| | | | സ്ഥലവാസികളുടെ എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് വെന്നിയൂർ മുതൽ പതിനാറുങ്ങൽ വരെ ആക്കി വെന്നിയൂർ - പതിനാറുങ്ങൽ ബൈപാസ് നിർമ്മാണം എന്നാക്കുന്നതിനായി 26.08.2022 ൽ നടന്ന LAC യോഗത്തിലെ തീരുമാനപ്രകാരം ബഹു.എം.എൽ.എ യുടെയും ജനപ്രതിനിധി കളുടെയും കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുതിയ അലൈൻമെന്റ് പ്രകാരം പ്രവൃത്തിയുടെ പുനർനാമകരണത്തിനു സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അപ്രകാരം പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിച്ച ശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി അതിൻപ്രകാരം DPR തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പുതിയ അലൈൻമെന്റ് പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പതിനാറുങ്ങൽ പൂക്കിപ്പറമ്പ് - ബൈപാസ് എന്ന പ്രവൃത്തിക്ക് 10.07.2017-ൽ 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 11.05.2018 തീയ്യതിയിൽ പൂർത്തീകരിച്ചിരുന്നതുമാണ്.എന്നാൽ സ്ഥലവാസികളുടെ എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് വെന്നിയൂർ മുതൽ പതിനാറുങ്ങൽ വരെ ആക്കി വെന്നിയൂർ - പതിനാറുങ്ങൽ ബൈപാസ് നിർമ്മാണം എന്നാക്കുന്നതിനായി 26.08.2022 ൽ നടന്ന LAC യോഗത്തിലെ തീരുമാനപ്രകാരം ബഹു.എം.എൽ.എ യുടെയും ജനപ്രതിനിധി കളുടെയും കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുതിയ അലൈൻമെന്റ് പ്രകാരം പ്രവൃത്തിയുടെ പുനർനാമകരണത്തിനു സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അപ്രകാരം പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിച്ച ശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി അതിൻപ്രകാരം DPR തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തിക്കുള്ള |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ